ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:12-09-2024**

## പ്രധാനവാർത്തകൾ

1. സിവിൽ വ്യോമയാനം സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും.

2. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

3. സംസ്ഥാനതല പട്ടയ മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും.

4. ആറന്മുള പാർഥസാരഥിക്ക് ഓണ വിഭവങ്ങൾ എത്തിക്കാനുള്ള തിരുവോണത്തോണി നാളെ വൈകിട്ട് കാട്ടൂരിൽ നിന്നും പുറപ്പെടും.

5. ചൈനയിൽ നടക്കുന്ന പുരുഷ- ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി, ഹോക്കി ടൂർണമെന്റിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും.

****************************************

RNUTVPM

## പ്രധാനമന്ത്രി

സിവിൽ വ്യോമയാനം സംബന്ധിച്ച രണ്ടാമത്തെ ഏഷ്യാ-പസഫിക് മന്ത്രിതല സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. എല്ലാ അംഗരാജ്യങ്ങളും "ഡൽഹി പ്രഖ്യാപനം" അംഗീകരിച്ചതായി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി പ്രഖ്യാപിക്കും. വ്യോമയാന രംഗത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പുതിയ ഉയരങ്ങളിൽ എത്തിക്കുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള മാർഗരേഖയാണ് ഡൽഹി പ്രഖ്യാപനം. ന്യൂഡൽഹിയിൽ നടക്കുന്ന സമ്മേളനം സിവിൽ വ്യോമയാന മന്ത്രി റാംമോഹൻ നായിഡു ഇന്നലെ ഉദ്ഘാടനം ചെയ്തു. 2035-ഓടെ പ്രതിവർഷം 350 കോടി യാത്രക്കാരെ ഉൾക്കൊള്ളുന്നതിന് അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തണമെന്ന് അദ്ദേഹം അംഗരാജ്യങ്ങളോട് ആഹ്വാനം ചെയ്തു.

RNU TVPM

****************************************

## മുഖ്യമന്ത്രി കോൺക്ലേവ് (ഇൻട്രോ)

കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ സംസ്ഥാനങ്ങളുടെ നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടതായും മുഖ്യമന്ത്രി പറഞ്ഞു. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിനായി ചേർന്ന ധനമന്ത്രിമാരുടെ കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

( വോയിസ് )

ധനമന്ത്രി കെ.എൻ.ബാലഗോപാലിനൊപ്പം തെലങ്കാന, കർണാടക, പഞ്ചാബ്, തമിഴ്നാട് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കേന്ദ്ര സർക്കാരിൻറെ മുൻ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, മുൻ മന്ത്രി ടി എം തോമസ് ഐസക്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി കെ രാമചന്ദ്രൻ തുടങ്ങിയവരും പരിപാടിയുടെ ഭാഗമായി.

****************************

<u>പട്ടയമേള - മുഖ്യമന്ത്രി</u>

സംസ്ഥാനതല പട്ടയ മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെയാണ് പട്ടയമേള സംഘടിപ്പിക്കുന്നത്. ചടങ്ങിൽ മന്ത്രിമാരായ K രാജൻ, P രാജീവ്, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

****************************

<u>ചങ്ങമ്പുഴ പാർക്ക് -മുഖ്യമന്ത്രി</u>

നവീകരിച്ച ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. വിശാലകൊച്ചി വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ നാലേകാൽകോടി രൂപയുടെ ചെലവിലാണ് പാർക്ക് നവീകരിച്ചത്. ഇതോടനുബന്ധിച്ച് ഒരാഴ്ച നീളുന്ന കലാസാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും. കളമശ്ശേരി കാർഷികോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികസമ്മേളനവും മുഖ്യമന്ത്രി വൈകിട്ട് ഉദ്ഘാടനം ചെയ്യും. കാർഷികോത്സവം നാളെ സമാപിക്കും.

****************************

## കെ. രാജൻ

ആലപ്പുഴ ജില്ലയിൽ രണ്ട് സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിച്ചു. ചെങ്ങന്നൂർ മണ്ഡലത്തിലെ ആലാ സ്മാർട്ട് വില്ലേജ് ഓഫീസ്, കാർത്തികപ്പള്ളി താലൂക്കിലെ പുതുപ്പള്ളി സ്മാർട്ട് വില്ലേജ് ഓഫീസ് എന്നിവയാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്.

****************************

## ഇന്ന് ഉന്നതതലയോഗം

കുടിവെള്ള പൈപ്പ് ലൈനിലെ ജോലിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ ദിവസങ്ങളോളം കുടിവെള്ളം മുടങ്ങിയ പശ്ചാത്തലത്തിൽ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താൻ ജല വിഭവ മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ഇന്ന് ഉന്നതതലയോഗം നടക്കുന്നു. ജോയിന്റ് എം.ഡി, ടെക്നിക്കൽ മെമ്പർ, ചീഫ് എൻജിനിയർമാർ ഉൾപ്പെടെ പങ്കെടുക്കുന്ന യോഗത്തിൽ വീഴ്ച ആവർത്തിക്കാതിരിക്കാനുള്ള പൊതുമാനദണ്ഡം തയാറാക്കുന്നതിനുള്ള പ്രാഥമിക അവലോകനം നടത്തും. അടിയന്തര സാഹചര്യങ്ങളിൽ കഴിഞ്ഞ ആഴ്ചയുണ്ടായതു പോലുള്ള ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ചർച്ചചെയ്യും. അതിനായുള്ള നടപടിക്രമങ്ങളും തയാറാക്കും. വെള്ളം മുടങ്ങിയതിൽ ഉദ്യോഗസ്ഥരുടെ വീഴ്ചകൾ വിശദമാക്കുന്ന റിപ്പോർട്ട് ഇന്ന് സമർപ്പിക്കും.

RNUTVPM

****************************

## ജലവിതരണം തുടരും: മേയർ

പമ്പിംഗ് പൂർണമാകുന്നതുവരെ നഗരസഭ ജലവിതരണം തുടരുമെന്ന് തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ.

കുടിവെള്ളം തടസപ്പെട്ടത് മുതൽ നഗരസഭ ഓൺലൈൻ വഴി 1,823 ട്രിപ്പുകളിലായി 17,888 കിലോ ലിറ്റർ കുടിവെള്ളം വിതരണം ചെയ്തു. പമ്പിംഗ് പൂർണമായാലേ ടാങ്കർ വഴിയുള്ള ജലവിതരണം അവസാനിപ്പിക്കൂവെന്നും നഗരസഭ അറിയിച്ചു. ജലവിതരണം പുനസ്ഥാപിച്ചെങ്കിലും ഉയർന്ന പ്രദേശങ്ങളിലെ ജലലഭ്യത പൂർവസ്ഥിയിലെത്തിയിട്ടില്ല

***************************

## എം വി ഗോവിന്ദൻ

എഡിജിപി അജിത്കുമാറിനെതിരായ എല്ലാ പരാതികളും പരിശോധിക്കുമെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. ഘടകകക്ഷികളുടെ അഭിപ്രായം രേഖപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. പാർട്ടിക്കുള്ളിൽ പ്രതിസന്ധി നിലനിൽക്കുന്നില്ലെന്നും അന്വേഷണ റിപ്പോർട്ട് പുറത്തുവരുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

***************************

## ഹോക്കി

ചൈനയിൽ നടക്കുന്ന പുരുഷ- ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി, ഹോക്കി ടൂർണമെൻ്റിലെ നാലാം പൂൾ മത്സരത്തിൽ , നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ, ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. ഉച്ചയ്ക്ക് 1:15 നാണ് മത്സരം. ഇന്നലെ മലേഷ്യയെ ഒന്നിനെതിരെ 8 ഗോളിന് തകർത്ത ഇന്ത്യ ഇതിനകം സെമിഫൈനലിന് യോഗ്യത നേടി. ഒമ്പത് പോയിൻ്റുമായി പട്ടികയിൽ ഇന്ത്യ ഒന്നാമതാണ്. ഈ മാസം 17നാണ് ഫൈനൽ.

***************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിന് നാളെ തുടക്കമാകും. ആദ്യ മത്സരം മോഹൻ ബഗാനും മുംബൈയും തമ്മിലാണ്. ഞായറാഴ്ച പഞ്ചാബ് എഫ് സിയുമായാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ മത്സരം.

**************************

## ഓണവിഭവങ്ങൾ (വോയ്സ്)

ചടങ്ങുകൾ തെറ്റാതെ ആറന്മുള പാർഥസാരഥിക്ക് ഓണവിഭവങ്ങൾ എത്തിക്കാൻ മങ്ങാട്ട് ഭട്ടതിരി കുമാരനല്ലൂരിൽനിന്ന് ചുണ്ടൻ വള്ളത്തിൽ ഇന്ന് രാവിലെ 11 ഓടെ യാത്ര തിരിച്ചു. നാളെ വൈകിട്ട് കാട്ടൂരിൽ നിന്നും തിരുവോണത്തോണി ആറന്മുളയ്ക്ക് പുറപ്പെടും .

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ...**

(വോയ്സ്)

RNU TVPM

**************************

## ഗണേശോത്സവം -ഘോഷയാത്ര

തിരുവനന്തപുരത്ത് ഗണേശോത്സവ ട്രസ്റ്റിന്റെയും ശിവസേനയുടെയും നേതൃത്വത്തിലുള്ള ഗണോശോത്സവ സമാപനഘോഷയാത്ര ഇന്ന്. വൈകിട്ട് 4 ന് നഗരത്തിലെ പഴവങ്ങാടിയിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിന് ശേഷം ശംഖുംമുഖത്തേക്കുള്ള നിമജ്ജന ഘോഷയാത്ര ആരംഭിക്കും. രാത്രി 9 ന് ശംഖുംമുഖം ആറാട്ട് കടവിലെത്തുമ്പോൾ വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥനയും പൂജയും നടത്തും.

**************************

## പുണ്യാളൻ നിരണം

പത്തനംതിട്ട ജില്ലയിലെ രണ്ടാമത്തെ ചുണ്ടൻവള്ളമായ പുണ്യാളൻ നിരണം ചുണ്ടന്റെ ഉളികുത്ത് കർമ്മം നടന്നു. ഇരതോട് വീയപുരം ഓർത്തഡോക്സ് പള്ളിയോട് ചേർന്നുള്ള മാലിപ്പുരയിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.ജലോത്സവ സംഘടന ഭാരവാഹികൾ, വിവിധ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക, സന്നദ്ധ സംഘടന പ്രതിനിധികൾ പങ്കെടുത്തു.വള്ളം നിർമ്മിക്കാനുള്ള ആഞ്ഞിലിത്തടി നൂറുക്കണക്കിന് ആളുകളുടെ സ്വീകരണം ഏറ്റുവാങ്ങി മാലിപ്പുരയിൽ എത്തിച്ചിരുന്നു.

****************************

## ജെൻസൻ - സംസ്കാരം

വയനാട് മുണ്ടക്കൈയ്- ചൂരൽമല ദുരന്തത്തിൽ മാതാപിതാക്കളും സഹോദരിയുമടക്കം കുടുംബത്തിലെ ഒൻപതുപേരെ നഷ്ടപ്പെട്ട ശ്രുതിയുടെ പ്രതിശ്രുത വരൻ ജെൻസൻറെ മൃതദ്ദേഹത്തിൻറെ പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിച്ചു. സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിലാണ് മൃതദേഹം പോസ്റ്റ്മോർട്ടം നടത്തുന്നത്. സംസ്കാര ചടങ്ങുകൾ 3 30ന് ആണ്ടൂർ നിത്യസഹായ മാതാ ദേവാലയത്തിൽ നടക്കും.

RNU TVPM

****************************

## കെ.എസ്.ഇ.ബി.

സോളാർ എനർജി കോർപ്പ റേഷനിൽനിന്ന് 500 മെഗാ വാട്ട് വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. തീരുമാ നിച്ചു. കരാർ വ്യാഴാഴ്ച ഒപ്പു വെക്കും.യൂണിറ്റിന് 3.49 രൂപയാ ണ് നിരക്ക്. വൈകുന്നേരം ആറുമണിക്കുശേഷവും ഇതുപ്രകാരം വൈദ്യുതി ലഭിക്കും.

****************************

## കേരള സർവകലാശാല തിരഞ്ഞെടുപ്പ്

കേരള സർവകലാശാലയിൽ ഇന്നലെ നടന്ന സെനറ്റ് തിരഞ്ഞെടുപ്പ് റദ്ദാക്കി. ബാലറ്റുകൾ നശിപ്പിക്കപ്പെട്ടതിനാലാണ് സെനറ്റ് തിരഞ്ഞെടുപ്പ് റദ്ദാക്കിയതെന്ന് വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മേൽ അറിയിച്ചു. റീപോളിംഗ് ഓണത്തിനു ശേഷം നടത്തും. ഫലം പ്രഖ്യാപിച്ചെങ്കിലും സർവകലാശാലാ വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പിന്റെ രേഖകൾ നശിപ്പിക്കപ്പെട്ടതായി സംശയമുണ്ട്. രേഖകളില്ലെങ്കിൽ ആ തിരഞ്ഞെടുപ്പും റദ്ദാക്കേണ്ടി വന്നേക്കാമെന്ന് വി.സി പറഞ്ഞു. സെനറ്റ് ഹാളും പരിസരവും ഇന്നലെ രാത്രി യുദ്ധക്കളമായി. കെ എസ് യു, എസ് എഫ് ഐ പ്രവർത്തകരാണ് ഏറ്റുമുട്ടിയത്. സർവകലാശാല ജീവനക്കാർക്കും നിരവധി വിദ്യാർത്ഥികൾക്കും പരിക്കേറ്റു. നിരവധി വിദ്യാർത്ഥികളെ പൊലീസ് കസ്റ്റഡിയിലെടുത്തു.

RNU TVPM

***************************

## ബസ് പാടത്തേക്ക് ചെരിഞ്ഞു

കൊടുങ്ങല്ലൂർ ഷൊർണൂർ സംസ്ഥാനപാത അകമല വളവിൽ കെഎസ്ആർടിസി സൂപ്പർ ഡീലക്സ് എയർ ബസ് പാടത്തേക്ക് ചെരിഞ്ഞ് അപകടം. യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു. ബസിന്റെ ബ്രേക്ക് നഷ്ടപ്പെട്ടതാണ് അപകടകാരണമെന്നാണ് നിഗമനം. പുലർച്ചെ മൂന്നുമണിയോടെയായിരുന്നു സംഭവം.

******************************************************************************************

***************************